മിസ്റ്റർ കെ. നരസിംഹപൈ.—അധഃകൃതക്കു മറ്റുള്ള സ്കൂളുകളിൽ അഡ്മിഷനില്ലെന്നു പറഞ്ഞിട്ടില്ല. അവിടെയെല്ലാം വരുന്നവക്ക് അഡ്മിഷനും ധാരാളം സൌകര്യവും ചെയ്തുകൊടുത്തിട്ടുണ്ട്. എന്റെ അന്വേഷണത്തിൽ പെട്ടിടത്തോളം സകല സൌകര്യങ്ങളും അവക്കു മറ്റു സ്കൂളുകളിൽ ചെയ്തു കൊടുക്കുന്നുണ്ട്.

മിസ്റ്റർ പി. കുമാരൻ എഴുത്തശ്ശൻ.—ചോദ്യം അതല്ല. ഇവിടെ ചോദിച്ച ഉപചോദ്യത്തിനു ശരിയായ മറുപടി പറയുവാൻ ശവമ്മേൻറിനു ദയവുണ്ടാകുമോ; ആ പ്രസ്ഥാവന ശരിയോ, തെറ്റോ എന്നാണ് മെമ്പറുടെ ചോദ്യം.

മിസ്റ്റർ കെ. നരസിംഹപൈ.—ആ പ്രസ്ഥാവന ഒരു പ്രത്യേക സ്കൂളിനു മാത്രമായിരിക്കയില്ല. കാളനികളോ മറ്റോ വച്ചിട്ട് അതിൽ പ്രത്യേക സ്കൂളുകളുണ്ടാക്കിയിരിക്കാം. അതിനെ പറ്റിയല്ലാതെ മറ്റു സ്കൂളുകളെക്കുറിച്ചുള്ള പ്രസ്ഥാവനയായിരിക്കയില്ല.

Industrial Education—Depressed Classes.

108. മിസ്റ്റർ കെ. പി. വള്ളോൻ.—താഴെ എഴുതുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ശവമ്മേണ്ടിൽനിന്നും മറുപടി പറയുവാൻ ദയവുണ്ടാകുമോ.—

അധഃകൃതർക്ക് വ്യവസായപരമായി എന്തുവിദ്യാഭ്യാസമാണ് ശവമ്മേണ്ടിൽനിന്നും ചെയ്തുവരുന്നത്?

രാമവർമ്മതമ്പുരാൻ.—ഈ രാജ്യത്തെ ഇൻഡസ്ട്രിയൽ സ്കൂളുകളിൽ പഠിപ്പിക്കുന്ന മുണ്ടുനെയ്ത്ത്, പുൽപായനെയ്ത്ത്, കയറുപായനെയ്ത്ത്, ആശാരിപ്പണി മുതലായ എല്ലാ തൊഴിലുകളും അധഃകൃതരേയും പഠിപ്പിക്കുന്നുണ്ട്.

Schools—Depressed Classes—no feeding.

109. മിസ്റ്റർ കെ. പി. വള്ളോൻ.—താഴെ എഴുതുന്നചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ശവമ്മേണ്ടിൽനിന്നും മറുപടി പറയുവാൻ ദയവുണ്ടാകുമോ.—

അധഃകൃതവിദ്യാർത്ഥികൾക്ക് ആഹാരം നൽകുന്നതും അല്ലാത്തതുമായ സ്കൂളുകൾ ഏതെല്ലാം?

രാമവർമ്മതമ്പുരാൻ.—കുറിയാർക്കുട്ടി, പറമ്പിക്കുളം, കണാട്ടുപാടം, വെള്ളിക്കുളങ്ങര ഈ സ്കൂളുകളിൽ ദിവസേന ഭക്ഷണം കൊടുക്കുന്നുണ്ട്. ബാക്കിയുള്ള സ്കൂളുകളിൽ ഓരോ കുട്ടിയ്ക്ക് ആഴ്ചയിൽ ഒരണവീതം കൊടുത്തുവരുന്നുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ മാതിരി ആഴ്ചയിൽ ഓരോ അണ കൊടുത്തുവരുന്നതു ഗ്രാൻറ് സ്കൂളുകളിലുള്ള കുട്ടികൾക്കും കൊടുത്തുവരുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

രാമവമ്മതമ്പുരാൻ.—നോക്കി പറയാം; നിശ്ചയമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ ര സ്കൂളുകളിലെ കുട്ടികൾക്കു മാത്രമേ ദിവസേന ഭക്ഷണം കൊടുത്തുവരുന്നുള്ളുവോ; മറ്റു സ്കൂളുകളിൽ കൊടുത്തുവരുന്നില്ലേ ?

രാമവമ്മതമ്പുരാൻ.—ബാക്കിയുള്ള സ്കൂളുകളിൽ ഓരോ അണയാണ് കൊടുക്കുന്നതു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ബാക്കിയുള്ള സ്കൂളുകൾ ഏതെല്ലാമാണെന്നു പറയാമോ?

രാമവമ്മതമ്പുരാൻ.—ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കുമാരൻ എഴുത്തച്ഛൻ.—ബാക്കിയുള്ള സ്കൂളുകളിൽ ഓരോ കുട്ടിക്കു് ആഴ്ചയിൽ ഓരോ അണ വീതം കൊടുത്തുവരുന്നുണ്ടെന്നു പറഞ്ഞിട്ടുണ്ടു്. ഇതു് എന്തവശ്യത്തിനാണ് കൊടുക്കുന്നതു്?

രാമവമ്മതമ്പുരാൻ.—ഫീഡിംഗ് ചാർജ്ജസ് എന്ന മാതിരിയിലാണു കൊടുക്കുന്നതു്.

മിസ്റ്റർ പി. കുമാരൻ എഴുത്തച്ഛൻ.—അതുകൊണ്ടു മതിയാകുമെന്നാണോ ഗവമ്മെണ്ടു വിചാരിക്കുന്നതു്?

രാമവമ്മതമ്പുരാൻ.—അങ്ങിനെ ഒന്നും ഉദ്ദേശിച്ചു കൊടുക്കുന്നതല്ല.

Hostel for Depressed Classses.

110. മിസ്റ്റർ കെ പി. വള്ളോൻ.—താഴെ എഴുതുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും മറുപടി പറയുവാൻ ദയവുണ്ടാകുമോ.—

സംസ്ഥാനത്തിൽ അധഃകൃത വിദ്യാർത്ഥികളെ താമസിപ്പിക്കുന്നതിനായി എത്ര ഹോസ്റ്റലുകൾ സ്ഥാപിച്ചിട്ടുണ്ടു്; അവ ഏവിടെയെല്ലാം?

രാമവമ്മതമ്പുരാൻ.—ഒരു ഹോസ്റ്റൽ ഉണ്ടു്. അതു് തുരുവേപേരൂരാണു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ ഹോസ്റ്റൽ നടപ്പിൽ വരുത്തിയതു് എപ്പോഴാണു്?

രാമവമ്മതമ്പുരാൻ.—ഫ്രൊവു മുതൽക്കാണു്.

മിസ്റ്റർ പി. കുമാരൻ എഴുത്തച്ഛൻ.—ഈ ഹോസ്റ്റലും അവരുടെ സ്കൂളും തമ്മിൽ എത്ര അകലമുണ്ടെന്നു പറയാമോ?

രാമവമ്മതമ്പുരാൻ.—തുരുവേപേരൂർ ടൌണിനു് അടുത്താണു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—എത്ര കുട്ടികളുണ്ടു്?

രാമവമ്മതമ്പുരാൻ.—ഇക്കൊല്ലം ഇരുപതു കുട്ടികളേയുള്ളുണ്ടു്

LIBRARY ARCHIVES Kerala Legislative Assembly